# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

VLE4/26922/20(A&VD5)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം ,ട്രാൻസ്പോർട്ട് ഭവൻ , ഫോർട്ട്
തിരുവനന്തപുരം. തീയതി:14.08.2024

## കാരണം കാണിക്കൽ നോട്ടീസ്

കാസർഗോഡ് യൂണിറ്റിലെ ഡ്രൈവറായ ശ്രീ.എം.ഷെമീർ എന്ന താങ്കൾ 21.09.2017 മുതൽ അനധികൃതമായി ജോലിയ്ക്കു ഹാജരാകുന്നില്ല. താങ്കൾ ആറ്റിങ്ങൽ യൂണിറ്റിൽ ജോലി ചെയ്യവെ 20.09.2017-ൽ ആണ് അവസാനമായി ഡ്യൂട്ടി ചെയ്തത്. തുടർന്ന് കാസർഗോഡ് യൂണിറ്റിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്യപ്പെട്ടിട്ടും താങ്കൾ കാസർഗോഡ് യൂണിറ്റിൽ ജോലിയിൽ പ്രവേശിച്ചില്ല. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും,മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്കു ഹാജരാകാതിരിക്കുന്നതു കുറ്റകരമാണ്. ആയതു കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ കാസർഗോഡ് യൂണിറ്റിലെ ഡ്രൈവർ ശ്രീ.എം.ഷെമീർ എന്ന താങ്കൾക്ക് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 19.01.2023 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം കൈപ്പറ്റിയിട്ടുള്ളതായുള്ള പോസ്റ്റൽ അക്നോളഡ്ജ്മെന്റ് കാർഡ് ലഭിച്ചിട്ടുണ്ട്. മറുപടി സമർപ്പിച്ചിട്ടില്ല. തുടർന്ന് നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി കാസർഗോഡ് യൂണിറ്റ് അധികാരിയെ ചുമതലപ്പെടുത്തുകയും മതിയായ അവസരം നൽകിയിട്ടും താങ്കൾ വിചാരണയ്ക്ക് ഹാജരായിട്ടില്ല. തുടർന്ന് ലഭ്യമായ സാക്ഷിമൊഴികളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

21.09.2017 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽപ്രവൃത്തി കോർപ്പറേഷനിൽ 1950-ലെ ആർ.റ്റി.സി ആക്ട്-ലെ സെഷൻ 18 പ്രകാരം നിക്ഷിപ്തമായ സുഗമമായ സർവ്വീസ് നടത്തിപ്പ് എന്ന കർത്തവ്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും, അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്കു താങ്കൾ അർഹനുമാണ്. ആകയാൽ ശ്രീ.എം.ഷെമീർ എന്ന താങ്കളെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും,അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനുള്ളിലെ താങ്കളുടെ മറുപടിയുടെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

എ.ഷാജി
(ഗവ. അഡീഷണൽ സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ് :-

ശ്രീ.എം.ഷെമീർ, ഡ്രൈവർ, കാസർഗോഡ്
(യൂണിറ്റ് അധികാരി കാസർഗോഡ് മുഖാന്തിരം)

പകർപ്പ്:- യൂണിറ്റ് അധികാരി കാസർഗോഡ് - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.
സ്റ്റോക്ക് ഫയൽ / ഫയൽ